കമ്മിറ്റിയുടേയും അതുപോലെ പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റിയുടേയും സ്ക്രൂട്ടിണിക്ക് വിധേയമാക്കണമെന്ന്. അത്തരം ഒരു സാഹചര്യത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം സംബന്ധിച്ച് ചർച്ച വേണ്ട എന്നല്ല, ചർച്ച ചെയ്യണം. പക്ഷേ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടേയും അതുപോലെ തന്നെ പബ്ലിക് അണ്ടർടേക്കിംഗസ് കമ്മിറ്റിയുടേയും സ്ക്രൂട്ടിനിക്ക് വിധേയമാക്കിയതിനുശേഷം ചർച്ച ചെയ്യുമ്പോൾ അതിന് ശാസ്ത്രീയമായ ഉള്ളടക്കം ഉണ്ടാകും. അതുകൊണ്ടാണ് ഈ ചർച്ച അർത്ഥശൂന്യമാണെന്നു ഞാൻ പറയാൻ കാരണം.

XIV റൂളിംഗ്

മി. സ്പീക്കർ: മി. ബാലൻ ഉന്നയിച്ച കാര്യത്തെക്കുറിച്ച് പറയാം. ഒരു പ്രശ്നം ഉന്നയിച്ച് സാധാരണഗതിയിൽ മറ്റു കമ്മിറ്റികൾക്ക് അയക്കുകയാണെന്നു പറഞ്ഞത് ശരിയാണ്. അതേ സമയത്തു തന്നെ ഞാൻ പഴയ രേഖകൾ പരിശോധിച്ചപ്പോൾ .....(ബഹളം)..... 21-02-1994-ലെ പാമോയിലിനെ സംബന്ധിച്ച കേസ് റിപ്പോർട്ട് ചെയ്തപ്പോൾ 1-3-1994-ൽ ശ്രീ. കടവൂർ ശിവദാസൻ നല്കിയ 58-ാം ചട്ടപ്രകാരമുള്ള നോട്ടീസ് അനുസരിച്ച് ചർച്ച ചെയ്ത പ്രീസീഡന്റ് ഇവിടെയുണ്ട്. അപ്പോൾ പ്രീസീഡന്റ് അനുസരിച്ച് ഇവിടെ ചർച്ച ചെയ്യുന്നതിന് തടസ്സമൊന്നുമില്ല. മാത്രവുമല്ല ഇത് വളരെയധികം ചർച്ച ചെയ്യപ്പെട്ട ഒരു വിഷയവുമായിരുന്നു. ഇതു സംബന്ധിച്ച് വേറെ നാലഞ്ച് പ്രശ്നങ്ങൾ കക്ഷി നേതാക്കളുടെ യോഗത്തിലും, ബി.എ.സി.യിലും ചർച്ച ചെയ്ത്, ഒരു സമവായത്തിൽ എന്നതിന്റെ അടിസ്ഥാനത്തിൽ മി. ഹസ്സൻ തന്ന നോട്ടീസും പ്രതിപക്ഷം തന്ന ഈ വിഷയവും ഒന്നിച്ച് എടുക്കാമെന്നുള്ള ധാരണയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സ്പീക്കർ എന്ന നിലയ്ക്കുള്ള അവകാശം ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ സമവായത്തിന്റെ അടിസ്ഥാനത്തിൽ യോജിച്ച ഒരു കാര്യമായതുകൊണ്ട്, ഇവിടെ ചർച്ച നടത്തുന്നതിൽ യാതൊരു അപാകതയുമില്ല. അങ്ങനെ കീഴ്വഴക്കമുണ്ട്. അതുകൊണ്ട്, Mr. Hassan you can .....

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

XV ചട്ടം 58 പ്രകാരമുള്ള ചർച്ച

(1) സി. ആന്റ് എ.ജി.-യുടെ കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന റിപ്പോർട്ടിലെ അദ്ധ്യായം III (പാര 3.1 മുതൽ 3.36 വരെ) സംബന്ധിച്ച് ചർച്ച

ശ്രീ. എം.എം.ഹസ്സൻ: സർ, "കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 58-ാം ചട്ടപ്രകാരം താഴെപ്പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly